<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027</u> <u>06-02-2023 - ൽ മറുപടിയ്ക്ക്</u>

<u>സ്ലഡ്ജ് ലഗൂണിന് ചുറ്റും പൂന്തോട്ടവും നടപ്പാതയും ഒരുക്കി പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായ തൊളിക്കോട് സ്ലഡ്ജ് ലഗൂണിന് ചുറ്റും ജലവിഭവ വകുപ്പിന് സ്വന്തമായുള്ള ആറേക്കർ ഭൂമി ഉപയോഗശൂന്യമായി കാടുപിടിച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവിടെ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയിലെ സ്ലഡ്ജ് ലഗൂണിന് ചുറ്റും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ പൂന്തോട്ടവും നടപ്പാതയും ഒരുക്കി മനോഹരമായ പാർക്ക് നിർമ്മിക്കുന്നതിന് കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തയ്യാറാക്കി നല്കിയിട്ടുള്ള ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയുടെ പദ്ധതിയുടെ സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | 31.12.2022 ൽ നടന്ന DDC മീറ്റിംഗിൽ തൊളിക്കോട് മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായ തൊളിക്കോട് സ്ലഡ്ജ് ലഗൂണിന് ചുറ്റും പൂന്തോട്ടവും നടപ്പാതയും ഒരുക്കുന്നതിന് വാട്ടർ അതോറിറ്റി മുൻകൈ എടുക്കണമെന്ന് പുനലൂർ എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. മീനാടിനും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള JICA assisted water supply project മായി ബന്ധപ്പെട്ട് ലഗൂണിനായി ഏറ്റെടുത്ത ഭൂമി വികസിപ്പിക്കുന്നതിന് വേണ്ടിയാണ് നിർദ്ദേശം. പുനലൂർ മുനിസിപ്പാലിറ്റിയിലെ 27-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ടി ലഗൂൺ ഉൾപെടുന്ന പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം ഏകദേശം 6 ഏക്കറാണ്. ഇഴ ജന്തുക്കളുടെ ശല്യമുള്ള ടി പ്രദേശം ഇടതൂർന്ന സസ്യങ്ങളും ചതുപ്പ് നിലങ്ങളും കാടും നിറഞ്ഞ് സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി മുനിസിപ്പാലിറ്റിൽ നിരന്തരമായി പരാതി ഉന്നയിക്കുന്നുണ്ട്. ഒരു ചെറിയ കുളവും പെരിഫെറൽ ഏരിയയും ഉള്ള ലഗൂൺ പ്രദേശം നടപ്പാതയായും കുട്ടികളുടെ പാർക്കായും വികസിപ്പിച്ച് വിനോദത്തിനായി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാവുന്ന താണ്. ടി പ്രവൃത്തി ഈ വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി Rs. 1,25,25,000/- രൂപയുടെ Rough cost estimate തയ്യാറാക്കിയിട്ടുണ്ട്. തകർന്നു കിടക്കുന്ന കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം, പ്രദേശത്തെ മണ്ണ് നിരപ്പാക്കൽ, ലഗൂൺ ഭാഗത്തെ വേലി സ്ഥാപിക്കൽ, ലാൻഡ് സ്കേപ്പിംഗ്, പൂന്തോട്ട പരിപാലനം, |

| | | | |
|---|---|---|---|
| | | | ബാഡ്മിൻഡൻ ടർഫ് വികസിപ്പിക്കൽ, ഓഫീസ് റൂം, സ്റ്റോർ റൂം, ശുചിമുറി സൗകര്യങ്ങൾ, സോളാർ പാനലുകൾ സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയാൽ കേരള വാട്ടർ അതോറിറ്റിയുടെ ഈ ഭൂമി ഒരു പാർക്കായി ഡെവലപ്പ് ചെയ്ത് പൊതുജനങ്ങൾക്കായി തുറന്നു നൽകാനും പ്രവേശനത്തിന് നാമ മാത്രമായ ഫീസ് ഈടാക്കാനും അതിൽ നിന്ന് KWAയ്ക്ക് Non water Revenue (ജലേതര വരുമാനം) കണ്ടെത്താനും കഴിയുന്നതാണ്. പ്രസ്തുത പ്രവൃത്തി 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവർത്തി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിയ്ക്കുമോ; വിശദമാക്കുമോ? | (സി) | 31.12.2022 ൽ നടന്ന DDC മീറ്റിംഗിൽ തൊളിക്കോട് മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായ തൊളിക്കോട് സ്ലഡ്ജ് ലഗൂണിന് ചുറ്റും പൂന്തോട്ടവും നടപ്പാതയും ഒരുക്കുന്നതിന് വാട്ടർ അതോറിറ്റി മുൻകൈ എടുക്കണമെന്ന് പുനലൂർ എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. മീനാടിനും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള JICA assisted water supply project മായി ബന്ധപ്പെട്ട് ലഗൂണിനായി ഏറ്റെടുത്ത ഭൂമി വികസിപ്പിക്കുന്നതിന് വേണ്ടിയാണ് നിർദ്ദേശം. പുനലൂർ മുനിസിപ്പാലിറ്റിയിലെ 27-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ടി ലഗൂൺ ഉൾപെടുന്ന പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം ഏകദേശം 6 ഏക്കറാണ്. ഇഴ ജന്തുക്കളുടെ ശല്യമുള്ള ടി പ്രദേശം ഇടതൂർന്ന സസ്യങ്ങളും ചതുപ്പ് നിലങ്ങളും കാടും നിറഞ്ഞ് സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി മുനിസിപ്പാലിറ്റിൽ നിരന്തരമായി പരാതി ഉന്നയിക്കുന്നുണ്ട്. ഒരു ചെറിയ കുളവും പെരിഫെറൽ ഏരിയയും ഉള്ള ലഗൂൺ പ്രദേശം നടപ്പാതയായും കുട്ടികളുടെ പാർക്കായും വികസിപ്പിച്ച് വിനോദത്തിനായി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാവുന്ന താണ്. ടി പ്രവൃത്തി ഈ വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി Rs. 1,25,25,000/- രൂപയുടെ Rough cost estimate തയ്യാറാക്കിയിട്ടുണ്ട്. തകർന്നു കിടക്കുന്ന കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം, പ്രദേശത്തെ മണ്ണ് നിരപ്പാക്കൽ, ലഗൂൺ ഭാഗത്തെ വേലി സ്ഥാപിക്കൽ, ലാൻഡ് സ്കേപ്പിംഗ്, പൂന്തോട്ട പരിപാലനം, ബാഡ്മിൻഡൻ ടർഫ് വികസിപ്പിക്കൽ, ഓഫീസ് റൂം, സ്റ്റോർ റൂം, ശുചിമുറി സൗകര്യങ്ങൾ, സോളാർ പാനലുകൾ സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയാൽ കേരള വാട്ടർ അതോറിറ്റിയുടെ ഈ ഭൂമി ഒരു |

| | | | |
|---|---|---|---|
| | | | പാർക്കായി ഡെവലപ്പ് ചെയ്ത് പൊതുജനങ്ങൾക്കായി തുറന്നു നൽകാനും പ്രവേശനത്തിന് നാമ മാത്രമായ ഫീസ് ഈടാക്കാനും അതിൽ നിന്ന് KWAയ്ക്ക് Non water Revenue (ജലേതര വരുമാനം) കണ്ടെത്താനും കഴിയുന്നതാണ്. പ്രസ്തുത പ്രവൃത്തി 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ